بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

# Khutba Khulasa 27.09.2019 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*ബൈത്തുന്നൂർ നൺസ്പീറ്റ് നെതർലാന്റിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**റസൂൽ കരീം(സ) നോടുള്ള സ്നേഹം എല്ലാ മനുഷ്യരോടുമുള്ള സ്നേഹത്തെക്കാൾ കൂടുതലായിരിക്കേണ്ടതാണ്. കാരണം റസൂലുല്ലാഹ്(സ) മുഖേന മാത്രമേ അല്ലാഹുവിന്റെ സാമിപ്യത്തിൽ എത്തി ചേരാൻ സാധിക്കുകയുള്ളൂ. അങ്ങയുടെ കല്പനകൾ അനുസരിച്ചും അങ്ങയുടെ സുന്നത്തിൽ പ്രവർത്തിച്ചുമാണ് അല്ലാഹുവിന്റെ സാമിപ്യം കരസ്ഥമാക്കുവാൻ സാധിക്കുക. ദുആ സ്വീകാര്യതയ്ക്കും ശുഭപര്യവസാനത്തിനുമുള്ള ജാമ്യം, നബി(സ) തിരുമേനിയാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ് പറയുന്നു: അല്ലാഹുവിന്റെ ഇഷ്ടജനത്തിൽ ഉൾപ്പെടാനുള്ള മാർഗം റസൂലുല്ലാഹ്(സ)യെ പിൻപറ്റുകയെന്നതാണ്. മറ്റൊരു മാർഗത്തിലൂടെയും നിങ്ങൾക്ക് അല്ലാഹുവിനെ ലഭിക്കുകയില്ല.**

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ. أَمَّا بَعْدُ

فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ. بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ.

الْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ الرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۝ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

തശഹ്ഹുദും തഅവ്വുദും സൂറ:ഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ തിരുമനസ്സ് പറയുന്നു;

ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്ത് അഹ്മദിയ്യാ ഹോളണ്ടിന്റെ ജൽസ സാലാന ആരംഭിക്കുകയാണ്. കുറെ വർഷങ്ങൾക്ക് ശേഷം എനിക്കും അല്ലാഹു നിങ്ങളുടെ ജൽസയിൽ പങ്കെടുക്കാനുള്ള തൗഫീഖ് നല്കിയിരിക്കുന്നു. കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഹോളണ്ടിലെ ജമാഅത്തുകളിൽ അംഗസംഖ്യക്ക് വർധനവ് ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഒരുപാട് ആളുകൾ പാകിസ്ഥാനിൽ നിന്ന് ഹിജ്റത്ത് ചെയ്ത് ഇവിടെ വരികയും കുറച്ച് പുതിയ ആളുകൾ ജമാഅത്തിൽ അംഗമാകുകയും ചെയ്തിട്ടുണ്ട്. ലോകത്തിലെ മറ്റ് രാജ്യങ്ങളെപ്പോലെ തന്നെ ഹോളണ്ടിലെ ജമാഅത്തും പുരോഗതി നേടിയിരിക്കുന്നു. പുതിയ സെന്ററുകൾ സ്ഥാപിച്ചു. പള്ളികളും നിർമ്മിച്ചിരിക്കുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഓർത്ത് കൊള്ളുക, എണ്ണത്തിലുള്ള വർധനവ് അല്ലെങ്കിൽ മിഷനുകളും സെന്ററുകളും നിർമ്മിക്കുക അതല്ലെങ്കിൽ പള്ളികൾ നിർമ്മിക്കുക ഇവയെല്ലാം പ്രയോജനം നല്കുന്നത് നാം അതിന്റെ ലക്ഷ്യം പൂർത്തീകരിക്കുമ്പോഴാണ്. അതുകൊണ്ട് ഇവിടെ വസിക്കുന്ന എല്ലാ അഹ്മദികളും ഒരാത്മപരിശോധന നടത്തേണ്ടത് അത്യാവശ്യമാണ്. അതായത് നാം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ വന്ന് കൊണ്ട് പൂർത്തീകരിക്കേണ്ട ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിക്കുകയും അന്വേഷിക്കുകയും ചെയ്യേണ്ടത് നിർബന്ധമാകുന്നു. ഞാൻ മുമ്പ് പറഞ്ഞത്പോലെ, വളരെ അധികം അഹ്മദികൾ ഹിജ്റത്ത് ചെയ്ത് ഇവിടെ എത്തിയിരിക്കുന്നു. ഇവർ ഹിജ്റത്ത് ചെയ്തത് എന്തിന് വേണ്ടിയാണ്? പ്രധാനമായും പാകിസ്ഥാനിലെ അഹ്മദികൾക്ക് മതപരമായ സ്വാതന്ത്ര്യമില്ല. അഹ്മദികളെ മതത്തിന്റെ പേരിൽ പ്രയാസത്തിൽ അകപ്പെടുത്തുകയും അവരുടെ അവകാശങ്ങളെ ധ്വംസിക്കുകയും ചെയ്യുന്നു. മസ്ജിദുകൾ നിർമ്മിക്കുന്ന കാര്യം പോകട്ടെ, ജനങ്ങളുടെ ശിക്ഷണത്തിനായി ജൽസയോ ഇജ്തിമായോ പോലും സംഘടിപ്പിക്കുന്നതിൽ നിന്ന് തടയപ്പെട്ടിരിക്കുന്നു. ഭവനങ്ങളിൽപോലും നിയമമനുസരിച്ച് നമസ്കരിക്കുവാൻ സാധിക്കുകയില്ല. അതുപോലെ ബലിപെരുന്നാൾ ദിവസം മൃഗങ്ങളെ ബലി നല്കാൻ സാധിക്കില്ല. നിയമം അതിനൊന്നും അനുവാദം നല്കുന്നില്ല. അല്ലാത്തപക്ഷം കേസ് ഫയൽ ചെയ്യപ്പെടും. അതുകൊണ്ട് ഒരോ അഹ്മദികളും ആ പ്രതിസന്ധികളിൽ നിന്ന് മോചനം കരസ്ഥമാക്കി കൊണ്ട് ഇവിടെ ജീവിക്കാൻ സാധിക്കുന്നതിൽ അല്ലാഹുവിനോട് നന്ദി പറയേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ചെയ്ത ബയ്അത്തിന്റെ കടമ പൂർത്തീകരിക്കാൻ കഴിവനുസരിച്ച് പരിശ്രമിക്കേണ്ടതുമാണ്. സ്വന്തം ആത്മീയജ്ഞാനവും ധാർമിക അവസ്ഥയും മെച്ചപ്പെടുത്തുന്നതിന് പരിശ്രമിക്കുക. ഇനി നമ്മുടെ കർമങ്ങൾ അല്ലാഹുവിന്റെ കല്പനകൾ അനുസരിച്ച് ചെയ്യപ്പെടുന്നില്ല, അല്ലെങ്കിൽ നാം പരിശുദ്ധ മാറ്റങ്ങൾ മുമ്പത്തെക്കാൾ ഉപരിയായി സൃഷ്ടിക്കുന്നില്ല, അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹം മുമ്പത്തേക്കാൾ ഉപരിയായി നാം പ്രകടിപ്പിക്കുന്നില്ലായെങ്കിൽ, പിന്നെ ഈ സ്വാതന്ത്ര്യം കൊണ്ട് എന്ത് പ്രയോജനം? അല്ലെങ്കിൽ ഈ ജൽസകളിൽ പങ്കെടുക്കുന്നത്കൊണ്ട് എന്താണ് പ്രയോജനം? മസ്ജിദുകളുടെ നിർമ്മാണം കൊണ്ട് എന്താണ് പ്രയോജനം? നാം ബയ്അത്തിന്റെ കടമ നിറവേറ്റുമ്പോഴാണ് നമുക്ക് ഈ സ്വാതന്ത്ര്യത്തിൽ നിന്നുള്ള യഥാർഥ പ്രയോജനം കരസ്ഥമാകുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സ്ഥലത്ത് ജൽസയുടെ ലക്ഷ്യം വിവരിക്കുകയും തന്റെ ബയ്അത്തിൽ വന്നവരെ ഉപദേശിക്കുകയും ചെയ്ത് കൊണ്ട് പറയുന്നു: ബയ്അത്തിന്റെ വൃത്തത്തിൽ

പ്രവേശിച്ച എല്ലാ ആത്മാർഥരായ ആളുകളിലും ബയ്അത്ത് ചെയ്യുന്നതിന്റെ ഉദ്ദേശ്യം വ്യക്തമായിരിക്കേണ്ടതാണ്. അതുമൂലം ഭൗതീക ലോകത്തിനോടുള്ള സ്നേഹം തണുക്കുകയും തന്റെ കൃപാലുവായ ഉടമസ്ഥനോടും തിരുദൂതരോടുമുള്ള സ്നേഹം ഹൃദയത്തിൽ അതിജയിക്കുകയും ചെയ്യേണ്ടതാണ്. പരലോകത്തിലേക്കുള്ള യാത്ര വെറുപ്പായിത്തീരും വിധം ആ അവസ്ഥയ്ക്ക് തടസ്സം ഉണ്ടാകാതെ നോക്കുക. ഇത് വളരെ വ്യക്തമായ നിർദേശമാണ്, അതായത് എന്റെ ബയ്അത്തിൽ വന്ന് വെറും വാദത്തിൽ മാത്രം ഒതുങ്ങാതെ, പ്രത്യുത ആത്മാർഥരിൽ പങ്കുചേരുക. എപ്പോഴാണ് നിങ്ങൾ അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹം മറ്റെല്ലാ സ്നേഹത്തെക്കാളും മുന്തിച്ച് നിർത്തുന്നത്, ആ സമയത്താണ് നിങ്ങൾ ആത്മാർഥതയിലും വിശ്വസ്തതയിലും പുരോഗതി നേടുക. അതുകൊണ്ട് തന്നെ ബയ്അത്തിന്റെ നിബന്ധനകളിൽ അവിടുന്ന് ഈ നിബന്ധന കൂടി ചേർത്തിരിക്കുന്നു, അതായത് ബയ്അത്ത് ചെയ്യുന്ന വ്യക്തി ദൈവവചനത്തെയും തിരുനബി വചനത്തെയും എല്ലാ കാര്യങ്ങളുടെയും പ്രവർത്തന രീതിയാക്കി മാറ്റുക. അതുകൊണ്ട് തന്നെ ഈ എല്ലാ കാര്യങ്ങളും നമ്മുടെ മുന്നിൽ വീണ്ടും വീണ്ടും വരികയെന്ന ഉദ്ദേശ്യത്തോടെയാണ് ഇത്തരം ജൽസകൾ നാം സംഘടിപ്പിക്കുന്നത്. അതായത് നമ്മുടെ ബയ്അത്തിന്റെ ലക്ഷ്യം എന്താണ്? ഭൗതീകതയോടുള്ള സ്നേഹം പൂർണമായും പുറത്ത് കളയുകയും അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹം അതിജയിക്കുകയും ചെയ്യുകയെന്നത് ഒരു നിസാരമായ കാര്യമല്ല. അതിനായി തീവ്രയത്നം നടത്തേണ്ടതാണ്. അത് നടത്തുകയും ചെയ്യേണ്ടതാണ്.

ഇനി ഏതൊരു കാര്യത്തിലേക്കാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മുടെ ശ്രദ്ധ തിരിച്ചത്, അത് റസൂലുല്ലാഹ്(സ) തിരുമനേിയോടുള്ള സ്നേഹമാണ്. അവിടുന്ന് വ്യക്തമായ നിലയിൽ പറയുന്നു: റസൂൽ കരീം(സ)നോടുള്ള സ്നേഹം എല്ലാ മനുഷ്യരോടുമുള്ള സ്നേഹത്തെക്കാൾ കൂടുതലായിരിക്കേണ്ടതാണ്. കാരണം റസൂലുല്ലാഹ്(സ) മുഖേന മാത്രമേ അല്ലാഹുവിന്റെ സാമിപ്യത്തിൽ എത്തിചേരാൻ സാധിക്കുകയുള്ളൂ. അങ്ങയുടെ കല്പനകൾ അനുസരിച്ചും അങ്ങയുടെ സുന്നത്തിൽ പ്രവർത്തിച്ചുമാണ് അല്ലാഹുവിന്റെ സാമിപ്യം കരസ്ഥമാക്കുവാൻ സാധിക്കുക. ദുആ സ്വീകാര്യതയ്ക്കും ശുഭപര്യവസാനത്തിനുമുള്ള ജാമ്യം, തിരുനബി(സ)യാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ് പറയുന്നു: അല്ലാഹുവിന്റെ ഇഷ്ടജനത്തിൽ ഉൾപ്പെടാനുള്ള മാർഗം റസൂലുല്ലാഹ്(സ)നെ പിൻപറ്റുകയെന്നതാണ്. മറ്റൊരു മാർഗത്തിലൂടെയും നിങ്ങൾക്ക് അല്ലാഹുവിനെ ലഭിക്കുകയില്ല. മനുഷ്യന്റെ ലക്ഷ്യസ്ഥാനം പങ്കുകാരില്ലാത്ത അല്ലാഹുവിനെ അന്വേഷിക്കുക എന്നതായിരിക്കണം. നമുക്ക് പങ്കുകാരില്ലാത്ത അല്ലാഹുവിനെയാണ് അന്വേഷിക്കേണ്ടത്. അതല്ലാതെ മറ്റൊന്നിനേയും അന്വേഷിക്കേണ്ടതില്ല. മറ്റൊന്നിനെയും അവന് എതിരിൽ കൊണ്ടു വന്ന് നിർത്തരുത്. പറയുന്നു: ശിർക്കിൽ നിന്നും അനാചാരങ്ങളിൽ നിന്നും രക്ഷ നേടേണ്ടതാണ്. ആചാരങ്ങൾക്ക് വിധേയമാകുകയോ ശാരീരിക വികാരങ്ങൾക്ക് അടിമപ്പെട്ടുകയോ ചെയ്യരുത്. പറയുന്നു: ഞാൻ ഇതുകൂടി പറയുകയാണ്, റസൂലുല്ലാഹ്(സ)യുടെ സത്യമാർഗം കൂടാതെ മറ്റൊരു വിധത്തിലും മനുഷ്യൻ വിജയിക്കുകയില്ല.

പിന്നീട് പറയുന്നു: സ്വന്തം ഉള്ളിൽ ഒരു വിരക്തി സൃഷ്ടിക്കുക. അത് നിങ്ങൾക്ക് ഭൗതികമായ കളിവിനോദങ്ങളിൽ നിന്നും പുറംമോടിയിൽ നിന്നും മോചനം നല്കുന്നതായിരിക്കണം. നിങ്ങളുടെ എല്ലാ കർമങ്ങളും അല്ലാഹുവിന്റെയും അവന്റെ പ്രിയ റസൂൽ(സ)യുടെയും കല്പനകൾ അനുസരിച്ചായിരിക്കണം. തീർച്ചയായും ലോകത്ത് സമ്പാദിക്കുന്നതിനെയും ഭൗതീക ജോലികൾ ചെയ്യുന്നതിനെയും നാം വിരോധിക്കുന്നില്ല. അല്ലാഹുവും അതിനുള്ള കല്പന നല്കിയിരിക്കുന്നു. സഹാബാക്കളും കച്ചവടങ്ങളിലും വ്യാപാരങ്ങളിലും ഏർപ്പെട്ടിരുന്നു. എന്നാൽ അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹം അവരിൽ അധികമായിരുന്നു. എപ്പോഴും ഈയൊരു ചിന്തയിലായിരുന്നു. അതായത് അല്ലാഹുവിനോടുള്ള കടമ നമുക്ക് പൂർത്തിയാകേണ്ടതാണ്. റസൂലുല്ലാഹ്(സ)യുടെ കല്പനകൾ അനുസരിച്ച് നാം പ്രവൃത്തിക്കേണ്ടതാണ്. അതുപോലെ നമ്മുടെ ഒരു കർമവും നമ്മുടെ പ്രിയതമൻ നമ്മോട് നീരസപ്പെടുന്നവിധത്തിൽ ആയിരിക്കരുതെന്ന ചിന്തയും അവർക്ക് ഉണ്ടായിരുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു: ജൽസയുടെ ആത്മീയ അന്തരീക്ഷത്തിൽ നിന്ന് പ്രയോജനം നേടുന്നതിനും നമ്മുടെ കർമപരമായ അവസ്ഥ ത്വരിതപ്പെടുന്നതിനും വേണ്ടിയാണ് നാം മൂന്ന് ദിവസത്തേക്ക് ഇവിടെ ഒരുമിച്ച് കൂടിയിരിക്കുന്നത്. അതിനാൽ ഈ വിചാരം നമുക്ക് എപ്പോഴും ഉണ്ടായിരിക്കണം. നാം ഇവിടെ മൂന്ന് ദിവസത്തേക്കായി ഒരുമിച്ച് കൂടിയതിന്റെ ഉദ്ദേശ്യം എന്താണ്? ഇതായിരിക്കണം നമ്മുടെ ചിന്ത. ഈ ആത്മീയ അന്തരീക്ഷത്തിൽ നിന്ന് പ്രയോജനം നേടുകയും സ്വന്തം കർമാവസ്ഥ ഉന്നതമാക്കുകയും ചെയ്യുന്നതിന് പരിശ്രമിക്കുക. തിന്മകളെ ദൂരീകരിക്കുക. ദൈവസ്മരണയിലേക്കും പശ്ചാത്താപത്തിലേക്കും ശ്രദ്ധ നല്കുക. ബുദ്ധി നമ്മോട് ആവിശ്യപ്പെടുന്നത്, ഈ മൂന്ന് ദിവസത്തെയും ഒരു പരിശീലന ക്യാമ്പായി കണക്കാകുകയെന്നതാണ്. നമ്മുടെ കർമാവസ്ഥക്ക് ഉണ്ടായ കുറവുകൾ, അതിനെയെല്ലാം ദൂരീകരിക്കുന്നതിന് ശ്രമിക്കുക.

വിശ്വാസത്തിലും ദൃഢബോധത്തിലും പുരോഗതി ഉണ്ടാക്കുകയെന്നതാണ് ജൽസയുടെ ഉദ്ദേശ്യം. അതുപോലെ ദിവ്യജ്ഞാനം വർധിപ്പിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഇത് ഭൗതീക മേളകളെപ്പോലെയുള്ള ഒരു മേളയല്ല. നാം ഒരുമിച്ച് കൂടിയത് ഒച്ചയും ബഹളവും ഉണ്ടാകുന്നതിനല്ല. നമ്മുടെ അംഗസംഖ്യ വെളിപ്പെടുത്തുക എന്നതൊന്നുമല്ല നമ്മുടെ ലക്ഷ്യം. എന്നാൽ ജൽസയിൽ വരുന്ന ഒരോരുത്തരും പുരുഷനോ, സ്ത്രീയോ, യുവാവോ, വൃദ്ധനോ ആരായാലും അവരുടെ ശ്രദ്ധ വിശ്വാസത്തിലും ദൃഢബോധത്തിലും ദിവ്യജ്ഞാനത്തിലും ഉയർച്ച കൈവരിക്കുകയെന്നതിനായിരിക്കണം. അങ്ങനെയെങ്കിൽ അല്ലാഹുവിലും അവ

ന്റെ ദൂതനിലുമുള്ള സ്നേഹത്തിൽ ഉയർച്ച നേടുന്നതാണ്. നാം ഒരു ആവേശത്തിന്റെ പുറത്താണ് ഇവിടെ ഒരുമിച്ച് കൂടിയിരിക്കുന്നതെന്ന് മനസ്സിലാക്കരുത്. നേരമ്പോക്ക് പറഞ്ഞ് നാം സമയം പാഴാക്കി കളയുകയും ചെയ്യരുത്. അത്തരം ചിന്താഗതിയാണെങ്കിൽ നമ്മുടെ ജൽസയിലുള്ള പങ്കാളിത്തം നിഷ്ഫലമാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) നകൾ ചെയ്യുന്നതിലേക്ക് ശ്രദ്ധ ക്ഷണിച്ച്കൊണ്ട് പറയുന്നു: വെറും അല്ലാഹുവിന്റെ സന്തോഷം ലക്ഷ്യം വച്ചായിരിക്കണം നമ്മൾ നന്മകൾ ചെയ്യേണ്ടത്. അവന്റെ തൃപ്തി നേടുകയും അവന്റെ കല്പനകൾ പൂർത്തിയാക്കുകയും ചെയ്യുക. എന്നാൽ (ആ നന്മയ്ക്ക്) അവന്റെ പ്രതിഫലം ലഭിക്കുയോ അതോ അല്ലയോ എന്ന കാര്യത്തിലേക്ക് ശ്രദ്ധ നല്കരുത്. ഇതാണ് യഥാർത്ഥ സ്നേഹത്തിന്റെ തത്ത്വരഹസ്യം. അല്ലാഹുവിനോടുള്ള സ്നേഹം നമ്മോട് അവന്റെ കല്പനകൾ അനുസരിച്ച് പ്രവർത്തിക്കാനാണ് ആവശ്യപ്പെടുന്നത്. അതിൽ ആരാധനകളുമുണ്ട്, അതുപോലെ തന്നെ അല്ലാഹുവിന്റെ ദാസൻമാരോടുള്ള കടമകളും അടങ്ങിയിരിക്കുന്നു. ആ കല്പനകൾ അനുസരിച്ചാണ് പ്രവൃത്തിക്കേണ്ടത്. അതിന്റെ പ്രതിഫലം അല്ലാഹു നമുക്ക് നല്കണമെന്ന വിചാരത്തോടുകൂടിയല്ല. മറിച്ച് പറയുന്നു: അല്ലാഹു ദാസന്റെ ഒരു നന്മയും നഷ്ടപ്പെടുത്തി കളയുകയില്ല. فَإِنَّ اللّٰهَ لَا يُضِيعُ أَجْرَ الْمُحْسِنِينَ അല്ലാഹു സുകൃതവൻമാരുടെ പ്രതിഫലം ഒരിക്കലും നഷ്ടപ്പെടുത്തി കളയുകയില്ല. എന്നാൽ നന്മ പ്രവൃത്തിക്കുന്നവൻ പ്രതിഫലത്തെ ഒരിക്കലും ലക്ഷ്യം വെക്കരുത്. അതുകൊണ്ട് യഥാർഥ നന്മയെന്നത് യാതൊരു ദുരാഗ്രഹമോ പ്രതിഫലേച്ഛയോ കൂടാതെ നിർവഹിക്കപ്പെടുന്നതാണ്. അല്ലാഹു തീർച്ചയായും ആ നന്മക്ക് പ്രതിഫലം നല്കുകയും ചെയ്യും. അതിനാൽ അല്ലാഹു നമ്മോട് ഇപ്രകാരമുള്ള പെരുമാറ്റം കാണിക്കുന്നതിനാൽ, നമ്മുടെ ചുമതല എന്നത്, നാം അവന്റെ തൃപ്തിക്ക് വേണ്ടി അവൻ നല്കിയ എല്ലാ കല്പനകളും അനുസരിച്ച് പ്രവർത്തി ക്കുകയെന്നതാണ്. അതുപോലെ തന്നെ വിരോധിച്ച തിന്മകളിൽ നിന്നെല്ലാം നാം രക്ഷ നേടേണ്ടതാണ്. ഹുസൂർ തിരുമനസ്സ് പറയുന്നു: ഈ രാജ്യങ്ങളിൽ വന്ന്കൊണ്ട് നമ്മുടെ അവസ്ഥകളെ ശ്രദ്ധികേണ്ടത് വളരെ അധികം അത്യാവശ്യമാകുന്നു. ചില സന്ദർഭങ്ങളിൽ ഭൗതീക ആകർഷണം നന്മ ചെയ്യുന്നതിന് വിഘ്നം സൃഷ്ടിക്കുന്നു. അവസ്ഥ മെച്ചപ്പെടുമ്പോൾ മനുഷ്യൻ തന്റെ ഭൂതകാലം മറന്ന് പോകുന്നു. നമ്മൾ മനസിലാക്കുന്നു, ഇന്ന് ദീനിന്റെ കാര്യം ഒരു പക്ഷേ നാം നിർവഹിച്ചില്ലെങ്കിലും നഷ്ടമൊന്നും ഉണ്ടാകില്ല. എന്നാൽ അല്ലാഹു പറയുന്നു: റിസ്ഖ് നല്കുന്നത് ഞാനാകുന്നു. അതുകൊണ്ട് ദൈവാരാധയുടെ കടമകൾ നിർവഹിക്കപ്പെടുമ്പോഴാണ് ഹദ്റത്ത് മസീഹ് മൗഊദ്[അ]ന് ചെയ്ത ബയ്അത്തിന്റെ കടമ പൂർത്തിയാകുക. ഹദ്റത്ത് മസീഹ് മൗഊദ്[അ] നമ്മുടെ ശ്രദ്ധ ഇതിലേക്ക് ക്ഷണിച്ചിരിക്കുന്നു. ആരാധനകൾ അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ വർണം ചാർത്തിക്കൊണ്ട് നിർവഹിക്കപ്പെടുമ്പോഴാണ് അത് യാഥർഥ കാര്യമായി മാറുകയെന്ന വസ്തുത നിങ്ങൾ മനസ്സിലാക്കുക. പിന്നീട് മനുഷ്യൻ പ്രതീക്ഷിക്കാത്ത മാർഗങ്ങളിലൂടെ അല്ലാഹു അവന് ജീവിത വിഭവങ്ങൾ നല്കുന്നതാണ്. ഏതുപോലെ അല്ലാഹു പറയുന്നു: وَمَنْ يَتَّقِ اللّٰهَ يَجْعَلْ لَّهُ مَخْرَجًا ആരാണ് അല്ലാഹുവിനോട് ഭയഭക്തി കാണിക്കുന്നത്. അവന് അല്ലാഹു ഏതെങ്കിലുമെല്ലാം തരത്തിൽ റിസ്ഖ് നല്കുന്നതിനായി മാർഗം തുറക്കുന്നതാണ്. റിസ്ഖ് ലഭിക്കുമെന്ന പ്രതീക്ഷ പോലും ഇല്ലാത്ത മാർഗത്തിലൂടെ അവന് റിസ്ഖ് നല്കപ്പെടുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: ഐശ്വര്യത്തിനുള്ള മാർഗം തഖ്‌വയാകുന്നു. അല്ലാഹു തന്റെ ദാസൻമാരെ നഷ്ടപ്പെടുത്തി കളയുകയില്ല. മറിച്ച് അവരെ മറ്റുള്ളവരുടെ മുന്നിൽ യാചിക്കുന്നതിൽ നിന്ന് രക്ഷിക്കുന്നു എന്നത് തികച്ചും സത്യമാണ്. എന്റെ ദൃഢവിശ്വാസമാണ്, ഒരു വ്യക്തി ദൈവഭക്തനും മുത്തഖിയും ആയിത്തീർന്നാൽ അവന്റെ ഏഴ് തലമുറക്കായി അല്ലാഹു തന്റെ കാരുണ്യത്തിന്റെയും അനുഗ്രഹത്തിന്റെയും കരങ്ങൾ നീട്ടുന്നതാണ്. അവർ സ്വയം അല്ലാഹുവിന്റെ അനുഗ്രഹത്തെ നഷ്ടപ്പെടുത്തി കളയുന്ന എന്തെങ്കിലും നിർഭാഗ്യകരമായ കർമം ചെയ്താൽ ഒഴികെ. അവിടുന്ന് പറയുന്നു: മനുഷ്യന് ആവശ്യം, എല്ലാ കെട്ടുകളെയും എരിച്ച് കളയുക, വെറും ദൈവസ്നേഹത്തിന്റെ കെട്ട് മാത്രം ബാക്കി വെക്കുക എന്നതാകുന്നു. സത്യമിതാണ്, ആരാണ് അല്ലാഹുവിന്റെതായി മാറുന്നത്, അല്ലാഹു അവന്റെതായി മാറുന്നതാണ്. നിങ്ങളുടെമേൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെയും അവന്റെ കാരുണ്യത്തിന്റെയും പ്രഭാവം ഇറങ്ങും വിധം നിങ്ങൾ മാറ്റം വരുത്തുക. പറയുന്നു: ഒരു വ്യക്തി ആയുസ്സ് ആഗ്രഹിക്കുന്നത് വെറും ഭൗതീക ആനന്ദവും വിനോദവും ആസ്വദിക്കാനാണെങ്കിൽ അവന്റെ ആയുസ്സ് എന്ത് പ്രയോജനം നേടിത്തരാനാണ്? തന്റെ ജീവിതലക്ഷ്യം, നല്ല ആഹാരം കഴിക്കുന്നതിനും മനസ്സ് തുറന്ന് ഉറങ്ങുന്നതിനും ഭാര്യാമക്കളും മെച്ചപ്പെട്ട ഭവനം അല്ലെങ്കിൽ വാഹനം മുതലായവ ഉണ്ടാക്കുകയും അല്ലെങ്കിൽ മുന്തിയ തോട്ടമോ അല്ലെങ്കിൽ വിളവോ നേടുക എന്നീ കാര്യങ്ങളിൽ അവസാനിക്കുന്നുവെങ്കിൽ, അത്തരം മനുഷ്യൻ അല്ലാഹുവിന്റെ ദാസനാകുകയില്ല. അവനെ ആരാധിക്കുന്നവനും ആകുകയില്ല. പ്രത്യുത അടിയാർ എന്ന് പറയുവാനും സാധിക്കില്ല. മറിച്ച് അവൻ തന്റെ സ്വന്തം ലക്ഷ്യങ്ങളെയാണ് ആരാധിക്കുന്നത്. പറയുന്നു: അങ്ങനെയുള്ളവൻ വെറും ശാരീരിക ആഗ്രഹങ്ങളെയും മൃഗീയ ആന്ദത്തെയുമാണ് തന്റെ ലക്ഷ്യവും ഉദ്ദേശവും ആരാധ്യവസ്തുവുമാക്കി വെച്ചിരിക്കുന്നത്. എന്നാൽ അല്ലാഹു മനുഷ്യസൃഷ്ടിപ്പിന്റെ ഉന്നതലക്ഷ്യമായി വിവരിക്കുന്നത് തന്നെ അവനെ ആരാധിക്കുകയെന്നാണ്. ഏതുപോലെ അല്ലാഹു പറയുന്നു: وَمَا خَلَقْتُ الْجِنَّ وَالْإِنْسَ إِلَّا لِيَعْبُدُونِ ഞാൻ മനുഷ്യരെയും ജിന്നുകളെയും വെറും ഇബാദത്തിന് വേണ്ടിയാണ് സൃഷ്ടിച്ചിരിക്കുന്നത്. അതിനാൽ ഇബാദത്തെ ഇലാഹി മാത്രമായിരിക്കണം ലക്ഷ്യമാക്കി വെക്കേണ്ടത്. ഈയൊരു ഉദ്ദേശത്തിന് വേണ്ടിയാണ് ഈ പ്രപഞ്ചം തന്നെ നിർമിച്ചിരിക്കുന്നത്. എന്നാൽ ഇതിന് വിപരീതമായി പല ഉദ്ദേശങ്ങളും പല ആഗ്രഹങ്ങളുമാണ്

മനുഷ്യന് ഉള്ളത്.

ഹുസൂർ തിരുമനസ്സ് പറയുന്നു: അതിനാൽ നമ്മുടെ ജീവിതലക്ഷ്യം എപ്രകാരം നേടിയെടുക്കുന്നവരായി നാം മാറുമെന്ന ചിന്തയിലും വേവലാതിയിലും ഈ കാര്യങ്ങൾ നമ്മളെ അകപ്പെടുത്തേണ്ടതാണ്. വെറും ഭൗതീക ജീവിതത്തെ കുറിച്ച് മാത്രം ചിന്തിക്കരുത്. നമ്മുടെ ചിന്താഗതികളും നമ്മുടെ പരിശ്രമങ്ങളും ഈ ലോകത്തെ നേടുന്നതിൽ മാത്രം ഒതുങ്ങി നിർത്തരുത്. മറിച്ച് നാം നമ്മുടെ ജീവിതത്തിന്റെ യതാർഥ ലക്ഷ്യം നേടിയെടുക്കുന്നതിനായി എല്ലാ കഴിവുകളും വിനിയോഗിക്കേണ്ടതാണ്. ഇത്തരം രാജ്യങ്ങളിൽ വന്ന് നാം അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ കരസ്ഥമാക്കുന്നതിന് പരിശ്രമിച്ച്കൊണ്ട് അവനോടുള്ള ആരാധനയുടെ കടമ നിവർത്തിക്കുന്നവരായി മാറുക. നമ്മുടെ ഉദ്ദേശ്യങ്ങളും നമ്മുടെ ആഗ്രഹങ്ങളും മറ്റൊന്നും തന്നെയായിരിക്കരുത്. പ്രത്യുത നാം നമ്മുടെ സൃഷ്ടാവിനെ തിരിച്ചറിയുന്നവരായി മാറികൊണ്ട് നമ്മുടെ സൃഷ്ടിപ്പിന്റെ കടമ നിർവഹിക്കുന്നവരായി മാറുക. ഈ കാലഘട്ടത്തിൽ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നിയോഗിച്ച ലക്ഷ്യത്തിനെ പൂർത്തീകരിക്കുന്നവരായി മാറുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: എന്നെ നിയോഗിച്ചരിക്കുന്നത്, വിശ്വാസത്തിന് ശക്തി പകരുന്നതിനും അല്ലാഹുവിന്റെ അസ്ഥിത്വത്തെ ജനങ്ങളിൽ സ്ഥാപിച്ച് കാണിക്കുകയും ചെയ്യുന്നതിനാണ്. കാരണം എല്ലാ സമൂഹങ്ങളുടെയും ഈമാനിക അവസ്ഥയ്ക്ക് ബലഹീനത സംഭവിച്ചിരിക്കുന്നു. പരലോക ജീവതത്തെ വെറും കഥയായി മനസിലാക്കുന്നു. ഒരോ മനുഷ്യന്റെയും കർമങ്ങൾ പറയുന്നത്, അവൻ ഏതൊരു ദൃഢവിശ്വാസമാണ് ഭൗതീക ലോകത്തിനും ഭൗതീക ശക്തികൾക്കും സ്ഥാനങ്ങൾക്കും നല്കുന്നത് അല്ലെങ്കിൽ ഭൗതീക വസ്തുകളിൽ പ്രതീക്ഷ അർപ്പിക്കുന്നത്, അത്തരം ദൃഢവിശ്വാസവും പ്രതീക്ഷയും ഒരിക്കലും ദൈവത്തിനോടൊ പരലോകത്തിനോടൊ പുലർത്തുന്നില്ല. നാവുകളിൽ വെറൊന്ന്, എന്നാൽ ഹൃദയങ്ങളിൽ ഭൗതീകയോടുള്ള സ്നേഹം നിറഞ്ഞിരിക്കുന്നു. പറയുന്നു: യഹൂദികളിൽ അല്ലാഹുവിനോടുള്ള സ്നേഹം തണുത്ത് പോയപ്പോൾ അവരിൽ മസീഹ് വന്നു. ഇപ്പോൾ എന്റെ കാലഘട്ടത്തിലും ഇതേ അവസ്ഥ തന്നെയാണ്. അതുകൊണ്ടാണ് വിശ്വാസത്തിന്റെ അവസ്ഥ വീണ്ടും മെച്ചപ്പെടുന്നതിനും ഹൃദയങ്ങളിൽ തഖ്വ സൃഷ്ടിക്കുന്നതിനും എന്നെ നിയോഗിച്ചിരിക്കുന്നത്.

ഹുസൂർ തിരുമനസ്സ് പറയുന്നു: അതുകൊണ്ട് തന്നെ നമ്മുടെ ഇന്നത്തെ ജോലി, നാം ചെയ്ത ബയ്അത്തിന്റെ കടമ പൂർത്തിയാക്കിക്കൊണ്ട് അല്ലാഹുവിനോടുള്ള സ്നേഹത്തിൽ ഉയരുന്നതോടൊപ്പം തൗഹീദ് തങ്ങളുടെ ഹൃദയങ്ങളിൽ രൂഢമൂലമാക്കുകയും ചെയ്യുക എന്നതാണ്. അല്ലാഹുവിനോടും അവന്റെ ദൂതനോടുമുള്ള സ്നേഹത്തിന് എതിരിൽ ഭൗതീക ലോകത്തേയും അതിലെ ആനന്ദാനുഭൂതികളെയും അവഗണിക്കുക. അവിടെ നിങ്ങളുടെ അന്തരാളങ്ങളിൽ പരിശുദ്ധ മാറ്റത്തോടൊപ്പം ഈ സമൂഹത്തെയും അല്ലാഹുവിന്റെ സമീപത്തേക്ക് കൊണ്ട് വരുന്നതിനായി പരിശ്രമിക്കുക. ഇന്ന് ലോകം അല്ലാഹുവിന്റെ അസ്ഥിത്വത്തെ വിശ്വാസക്കുന്നതിനെ നിഷേധിക്കുന്നു. എല്ലാ വർഷവും വലിയ തോതിൽ ആളുകൾ അല്ലാഹുവിന്റെ അസ്ഥിത്വത്തെ നിഷേധിച്ച് കൊണ്ടേയിരിക്കുന്നു.

അതുകൊണ്ട് ഈ ആളുകൾ നിഷേധിക്കുന്ന ഈ സാഹചര്യത്തിൽ അല്ലാഹുവിനോടുള്ള സ്നേഹം നമ്മുടെ ഹൃദയങ്ങളിൽ ഉണ്ടാക്കുകയും ലോകത്തിന് അല്ലാഹുവിന്റെ അസ്ഥിത്വത്തിന്റെ യാഥാർഥ്യം മനസിലാക്കി കൊടുക്കുകയും ചെയ്യേണ്ടതാണ്. അപ്പോഴായിരിക്കും നാം ഈ ജൽസയുടെ ലക്ഷ്യം പൂർത്തിയാക്കുന്നവരായി മാറുക. അപ്പോഴായിരിക്കും നാം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ചെയ്ത ബയ്അത്തിന്റെ കടമകൾ പൂർത്തിയാക്കുന്നവരായി മാറുക. നമ്മുടെ സന്താനങ്ങളുടെയും വരുംതലമുറയുടെയും ഹൃദയങ്ങളിൽ അല്ലാഹുവിനോടുള്ള സ്നേഹവും അവന്റെ റസൂലിനോടുള്ള സ്നേഹവും സൃഷ്ടിക്കുന്നതിനായി നമ്മുക്ക് പരമാവധി പരിശ്രമിക്കേണ്ടതാണ്. ഓർത്ത് കൊള്ളുക! ഇത് അല്ലാഹുവിന്റെ അനുഗ്രഹമില്ലാതെ സാധിക്കുകയില്ല. അതിനാൽ അവന്റെ അനുഗ്രഹങ്ങൾ നേടിയെടുക്കുന്നതിനായി ഒരുപാട് ദുആകളുടെ ആവശ്യമുണ്ട്. അതിലേക്കും വളരെ ശ്രദ്ധ നല്കേണ്ടതാണ്. അല്ലാഹു നമുക്കതിനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Baitunnoor, nunspeet, Netherlands. – on 27.09.2019
Malayalam Translation: **Moulavi Hashim Ashraf Alappey** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516